**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2684** **13-12-2022 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ തൊഴിലാളി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ബോർഡ് വഴി ലഭിക്കേണ്ട പെൻഷൻ മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തനതു ഫണ്ടിൽ നിന്നാണ് ബോർഡ് പെൻഷൻ നൽകി വരുന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലം 2022 ഏപ്രിൽ, മേയ് മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യാതിരുന്നതിനാൽ, ബോർഡിന്റെ ശിപാർശ പ്രകാരം ടി കുടിശ്ശിക വിതരണം ചെയ്യുന്നതിലേയ്ക്ക് കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ നിന്നും നിബന്ധനകൾക്കു വിധേയമായി 100 കോടി രൂപ വായ്പയായി അനുവദിക്കുന്നതിന് ധനവകുപ്പ് അനുമതി നല്കിയിട്ടുണ്ട്. 2022 മെയ് മാസത്തിലാണ് അവസാനമായി പെൻഷൻ നൽകിയിട്ടുള്ളതെന്നും പെൻഷൻ വിതരണം കഴിഞ്ഞ ആറുമാസമായി തടസ്സപ്പെട്ടിരിക്കുകയാണെന്നും ബോർഡ് അറിയിച്ചിട്ടുണ്ട് . |
| (ബി) | എത്ര പേരാണ് പ്രസ്തുത പെൻഷൻ പദ്ധതിയിൽ നിന്ന് പെൻഷൻ സ്വീകരിക്കുന്നത്; പെൻഷൻ മുടങ്ങാനുള്ള സാഹചര്യം വിശദമാക്കാമോ; | (ബി) | നിലവിലെ കണക്കനുസരിച്ച് 404724 പേർ പെൻഷൻ സ്വീകരിക്കുന്നുണ്ട്. തനതു ഫണ്ടിൽ നിന്നാണ് ബോർഡ് പെൻഷൻ നൽകി വരുന്നത്. ബോർഡിന്റെ പ്രധാന വരുമാന മാർഗം ബിൽഡിംഗ് സെസ്സാണ്. എന്നാൽ കോവിഡ് സാഹചര്യങ്ങൾ മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയും സെസ്സ് ഇനത്തിലുള്ള വരുമാന കുറവുമാണ് പെൻഷൻ മുടങ്ങാനുള്ള സാഹചര്യം ഉണ്ടായത് എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട് . |
| (സി) | പെൻഷൻ അടിയന്തരമായി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | സെസ്സ് അദാലത്തുകൾ സംഘടിപ്പിച്ച് സെസ്സ് പിരിവ് ഊർജ്ജിതമാക്കി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ